## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7482      17.7.2012-ൽ മറുപടിയ്ക്ക്

### മരച്ചീനി കർഷകർ നേരിടുന്ന പ്രതിസന്ധികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി പി. അയിഷാപോറ്റി | ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് മരച്ചീനി കർഷകർ നേരിടുന്ന പ്രതിസന്ധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) മരച്ചീനി കർഷകരുടെ പ്രയാസങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;<br><br>(സി) ഉൽപ്പന്ന വിലയിടിവ് മൂലം ദുരിതത്തിലായ കർഷകർക്ക് ആശ്വാസം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) & (സി) 2011-12 വർഷത്തിൽ മരച്ചീനി വിളവെടുത്ത സീസണിൽ ഉൽപാദനത്തിലുണ്ടായ വർദ്ധനവ് മൂലം ഉൽപന്നത്തിന് വിലയിടവുണ്ടായിട്ടുണ്ട്. ഇതു കാരണം ദുരിതമനുഭവിച്ച കർഷകർക്ക് ആശ്വാസം പകരുന്നതിനായി ഹോർട്ടികോർപ്പ് മരച്ചീനി സംഭരണം നടത്തുകയുണ്ടായി. കൊല്ലം, തിരുവനന്തപുരം, കോട്ടയം , എറണാകുളം, തൃശ്ശൂർ , വയനാട് . കോഴിക്കോട് ജില്ലകളിൽ നിന്നും കർഷകർക്ക് ന്യായമായ വില ഉറപ്പുവരുത്തിക്കൊണ്ടാണ് സംഭരണം നടത്തിയത്. 31.5.2012 വരെ 93.175 ടൺ മരച്ചീനി ഹോർട്ടികോർപ്പ് മുഖേന സംഭരിച്ചുകഴിഞ്ഞു.<br><br>2011-12 -ൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിയ കാർഷിക വിപണിയിൽ ഇടപെട്ട് സഹായം നൽകൽ |

പദ്ധതിപ്രകാരം മരച്ചീനി സംഭരണത്തിനായി ഹോർട്ടികോർപ്പിന് 80 ലക്ഷം രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും 16,09,537/- രൂപ ഹോർട്ടികോർപ്പ് ഈ ഇനത്തിൽ ചിലവാക്കിയിട്ടുണ്ട്. കൂടാതെ വി.എഫ്.പി.സി.കെ. മുഖാന്തിരം 228.3 മെ.ടൺ മരച്ചീനി സംഭരിച്ച് വിപണനം നടത്തുകയും 4,24,682 രൂപ ഫെയർ പ്രൈസ് (Fair Price Support) ഇനത്തിൽ വി.എഫ്. പി.സി.കെ കർഷകർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**